Questions posted for answer on 14th March 1951—(*cont.*)

(*b*) the scope of jute cultivation in the State and how it compares in quality with that of the rest of India.

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) (*i*) 10,496—18 acres.

(*ii*) In 1947—400 acres
in 1950—800 acres.

(*iii*) About 18 acres.

(*b*) The cultivation of Jute was tried in the years 1949 over an area of 400 acres and in 1950 over an area of 800 acres. The quantity produced in 1949 was only 200 maunds. But the quality of the fibre was very good. In the year 1950 the cultivation was a failure. Owing to the consecutive failure of cultivation in the first 2 years and the necessity for concentrating all the efforts for food production in the State the cultivation is not undertaken in 1951.

ഭക്ഷ്യോല്പാദന വികസനം

*൧൦൭൫. (൨൩) ശ്രീ റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സ്റ്റേറ്റ് ഗവണ്മെൻറിന്റെ ഭക്ഷ്യോല്പാദന വികസന പദ്ധതികളിൽ നെല്ലിനു പുറമെ ഏതെല്ലാം ഭക്ഷ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) മേൽപറഞ്ഞ ഓരോന്നിന്റെയും ഉല്പാദനവർദ്ധനവിന് അനുസൃതം ചെയ്തിട്ടുള്ള പദ്ധതികൾ എന്തു;

(സി) ഓരോ പദ്ധതിയുടേയും പ്രവർത്തനം എന്തുമാത്രം പുരോഗമിച്ചിട്ടുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കപ്പ, മലക്കറി, മത്സ്യം മുതലായവ.

(ബി) വണ്ടൻമേട്, കുന്നത്തുകാൽ തുടങ്ങിയ റിക്ലമേഷൻ പദ്ധതികളിലുൾപ്പെട്ട സ്ഥലങ്ങളിലും കൃഷിവികസന പദ്ധതിയനുസരിച്ച് കുത്തകപ്പാട്ടം കൊടുത്തിട്ടുള്ള സ്ഥലങ്ങളിലും, കപ്പ, സസ്യവർഗ്ഗം മുതലായവ കൃഷിചെയ്യുന്നതിന് വേണ്ട സൗകര്യം നല്കിയിട്ടുണ്ട്. കപ്പ കൃഷി മത്സരത്തിന് ഏതാനും ചട്ടങ്ങളും രൂപവല്ക്കരിച്ചിട്ടുണ്ട്. കൂടാതെ മത്സ്യം, സുലഭമായി ലഭ്യമാക്കുന്നതിനുള്ള ചില പദ്ധതികൾ ൧൯൫൭—൫൮-ൽ നടപ്പിൽ വരുത്തുവാനായി ഭരണസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ട്. വിശദവിവരങ്ങൾക്ക്, ഭക്ഷ്യോല്പാദനബോർഡിന്റെ "ഭക്ഷ്യോല്പാദനപ്രസ്ഥാനം—പ്രവർത്തനങ്ങളും പരിപാടികളും" എന്ന പ്രസിദ്ധീകരണത്തിലേക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

(സി) പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കപ്പ, സസ്യം മുതലായ കൃഷികളിൽ സാരമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വർദ്ധനവ് എത്രത്തോളമാണെന്ന് നിശ്ചിതമായി കണക്കാക്കപ്പെട്ടിട്ടില്ല.

നിയമവിരുദ്ധ നടപടി

*൧൦൭൬. (൨൧) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സ്വദേശത്തിനും ഭാര്യാവീടിനും ൫ മൈലകലെയല്ലാതെ ഒരു പോലീസ് ഉദ്യോഗസ്ഥനെയും നിയമിക്കാൻ പാടില്ലെന്ന സർക്കുലറിനെതിരായി എത്ര പോലീസ് സ്റ്റേഷനുകളിൽ നിയമനങ്ങൾ ഉണ്ടായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly